സുപ്രഭാതം

04 May 2017

# മത്സ്യബന്ധനം ഉപജീവനമാക്കിയ രാജ്യത്തെ ആദ്യ ദമ്പതികളെ ആദരിക്കുന്നു

കൊച്ചി: കടൽ മത്സ്യബന്ധനം ഉപജീവനമാർഗമാക്കിയ രാജ്യത്തെ അപൂർവ ദമ്പതികളെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ആദരിക്കുന്നു. വിവാഹം കഴിഞ്ഞത് മുതൽ ഒരുമിച്ച് കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്ന തൃശൂർ ജില്ലയിലെ ചേറ്റുവക്കടുത്ത് കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് വീട്ടിൽ കെ.വി കാർത്തികേയനെയും ഭാര്യ കെ.സി രേഖയെയുമാണ് സി.എം.എഫ്.ആർ.ഐ ആദരിക്കുന്നത്. നാളെ സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന മത്സ്യത്തൊഴിലാളി സംഗമത്തിൽ കേന്ദ്ര മന്ത്രി സുദർശൻ ഭഗത് രാവിലെ 10.30ന് ഇരുവരെയും പൊന്നാട അണിയിച്ച് ആദരിക്കും. സി.എം.എഫ്.ആർ.ഐയുടെ ഒരുവർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി.

കടലിൽ ബോട്ടുപയോഗിച്ച് മീൻപിടുത്തം നടത്തുന്ന ഇന്ത്യയിലെ ആദ്യ വനിതയാണ് രേഖ. ദമ്പതികൾ ഒരുമിച്ച് കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്നത് ലോകത്തിൽ തന്നെ അപൂർവ സംഭവമാണ്. കായൽ മത്സ്യബന്ധനത്തിൽ സ്ത്രീകളുടെ സാന്നിധ്യം നിലവിലുണ്ടെങ്കിലും കടലിൽ മീൻപിടിക്കാൻ സ്ത്രീകൾ പോകുന്നതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന വരുമാനം കൊണ്ടാണ് ഈ ദമ്പതികൾ കുട്ടികളുടെ പഠനം നടത്തുന്നതും മറ്റ് ചെലവുകൾ വഹിക്കുന്നതും. നാല് പെൺമക്കളിൽ മൂത്തയാൾ പ്ലസ്ടുവിന് പഠിക്കുകയാണ്.



കാർത്തികേയനും ഭാര്യ രേഖയും

ഇരുവരേയും ആദരിക്കുന്നതിന്റെ ഭാഗമായി, കടലിൽ കൂടു മത്സ്യക്കൃഷി നടത്തുന്നതിനുള്ള എല്ലാ സഹായവും സി.എം.എഫ്.ആർ.ഐ നൽകുന്നുണ്ട്. കൂടുകൃഷി നടത്തുന്നതിനുള്ള കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങൾ നാളത്തെ ചടങ്ങിൽ കേന്ദ്ര മന്ത്രി ഇവർക്ക് സമ്മാനിക്കും.